# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2738 13.03.2020-ൽ മറുപടിക്ക്

**ഹയർ സെക്കണ്ടറി സ്കൂളുകളിൽ കുടിവെള്ള പരിശോധനാ ലാബുകൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.മഞ്ഞളാംകുഴി അലി | | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ കുടിവെള്ള പരിശോധനാ ലാബുകൾ സജ്ജീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ; | (എ)<br>ഉം | സംസ്ഥാനത്തെ ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ പ്രാഥമിക ജലപരിശോധന ലാബുകൾ സ്ഥാപിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി സ്കൂളുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ; | (ബി) | സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെയും തിരഞ്ഞെടുക്കപ്പെടുന്ന ഒരു ഹയർ സെക്കന്ററി സ്കൂളിൽ ജലഗുണനിലവാര പരിശോധന ലാബുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് താത്പര്യമുള്ള സ്കൂൾ പ്രിൻസിപ്പൽമാർ അതത് ജില്ല ഹരിതകേരള മിഷൻ കോ-ഓർഡിനേറ്ററുമായി ബന്ധപ്പെടുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഹരിത കേരള മിഷൻ ജില്ല കോ-ഓർഡിനേറ്റർമാർ ഇതു സംബന്ധിച്ച് ഏകോപനം സാധ്യമാക്കുന്നതാണ്. |
| (സി) | തെരഞ്ഞെടുക്കുന്ന സ്കൂളുകൾക്ക് പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെല്ലാം സഹായങ്ങളാണ് നൽകാൻ തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ? | (സി) | ലാബ് നടത്തുന്നതിനാവശ്യമായ സാങ്കേതിക സഹായവും പരിശീലനവും ഹരിതകേരള മിഷൻ ലഭ്യമാക്കും. ഇതിനാവശ്യമായ ചെലവുകൾ ബന്ധപ്പെട്ട തദ്ദേശ സ്വഭരണ സ്ഥാപനങ്ങൾ കണ്ടെത്തണം. ഇതിനായി നിയമസഭ സാമാജികരുടെ പ്രാദേശിക ആസ്തി വികസന ഫണ്ടിൽ നിന്നും പണം ചെലവഴിക്കാൻ അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.